# കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ വിതരണം - സ്വീകരിക്കേണ്ട നടപടികൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ (ജെ) വകുപ്പ്

സ.ഉ (കൈ) നം. 170/2012/ആ.കു.വ തീയതി, തിരുവനന്തപുരം, 07/06/2012

## ഉത്തരവ്

മന്ത്രിസഭയുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മെഡിസിൻ വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിയ്ക്കുകയുണ്ടായി. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ആദായനികുതി അടക്കുന്നവർ ഒഴികെ സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ii) ആരോഗ്യ വകുപ്പിനും, ആരോഗ്യവിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന വിവിധ തലത്തിലുള്ള ആശുപത്രികളിൽ അവശ്യം വേണ്ട മരുന്നുകളുടെ പേരും തോതും ബന്ധപ്പെട്ട ഡയറക്ടർമാർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിക്കേണ്ടതാണ്.

iii) മേൽ പ്രക്രിയ പൂർത്തിയാകുന്നതുവരെ 2012-13 സാമ്പത്തിക വർഷം ബജറ്റിൽ സൗജന്യ മരുന്നു വിതരണത്തിനായി നിശ്ചയിച്ചിട്ടുള്ള തുക ഉപയോഗിച്ച് വാങ്ങിയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്. എന്തെങ്കിലും മരുന്നിന്റെ ദൗർലഭ്യം അനുഭവപ്പെടുകയാണെങ്കിൽ ആയതിന്റെ ജനറിക് രൂപത്തിൽ കാരുണ്യ ഫാർമസിയുടെ സംഭരണ പ്രക്രിയ ഉപയോഗിച്ച് ആശുപത്രികളിൽ ലഭ്യമാക്കേണ്ടതാണ്.

iv) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തിട്ടപ്പെടുത്തി സംസ്ഥാന ബിവറേജസ് കോർപ്പറേഷനോട് ആവശ്യപ്പെടേണ്ടതും പ്രസ്തുത തുക ആവശ്യപ്പെടുന്നതനു- സരിച്ച് ബിവറേജസ് കോർപ്പറേഷൻ നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
രാജീവ് സദാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
നികുതി വകുപ്പ് / ധനകാര്യവകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1753 തീയതി 31/05/2012)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ